Deshabhimani
12.03.2025

# സിഫ്റ്റിൽ സൗജന്യ സംരംഭക സെമിനാർ 18ന്

**കൊച്ചി**

മത്സ്യമേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിന് കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം 'അക്വാബിസ് 2.0' സൗജന്യ സംരംഭക സെമിനാർ സംഘടിപ്പിക്കും. 18ന് രാവിലെ പത്തിന് കൊച്ചി പനമ്പിള്ളി നഗറിലുള്ള ഹോട്ടൽ അവന്യൂ സെന്ററിലാണ് സെമിനാർ.

അഗ്രി ഇന്നൊവേറ്റ് ഇന്ത്യ, ഐസിഎആർ ഐപി ആൻഡ് ടിഎം യൂണിറ്റ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുമായി സഹകരിച്ചാണ് സംഘടിപ്പിക്കുന്നത്.

സമുദ്രോൽപ്പന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, മത്സ്യമേഖലയുമായി ബന്ധമുള്ളവർ, സംരംഭകർ എന്നിവർക്കെല്ലാം ഐസിഎആർ സിഫ്റ്റ് വെബ്സൈറ്റ് വഴിയോ ztmcfisheries@gmail.com ഇ മെയിൽ വഴിയോ രജിസ്റ്റർ ചെയ്ത് സെമിനാറിൽ പങ്കെടുക്കാം. രജിസ്ട്രേഷനുള്ള അവസാന തീയതി മാർച്ച് 16. വെബ്സൈറ്റ്: www.cift.res.in